**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6738

09.11.2016- ൽ മറുപടിക്ക്

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ** | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹകരണ വകുപ്പിൽ 2015-ലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് അറിയാമോ ; വ്യക്തമാക്കുമോ; | (എ) | 17.08.2015-ൽ ആണ് 2015-ലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര നിയമനങ്ങൾ നടന്നുവെന്നും ഈ സർക്കാർ വന്നതിനുശേഷം എത്ര പേരെ നിയമിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | ആകെ 284 പേരെ നിയമിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 36 പേരെ നിയമിച്ചു. |
| (സി) | ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ; | (സി) | പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് മാറ്റി വച്ചിട്ടുള്ള 134 ഒഴിവുകൾ നിലവിലുണ്ട്. |
| (ഡി) | പ്രസ്തുത ഒഴിവുകളിലേക്ക് അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) | 28.10.2016-ലെ സ.ഉ(എം.എസ്) 42/2016/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കായി സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ